പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 662

08.08.2017 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന്റെ പ്രവർത്തന ലാഭം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡിന്റെ അവസാന അഞ്ചു വർഷത്തെ പ്രവർത്തന ലാഭം, അറ്റലാഭം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ; | (എ) | കൺസ്യൂമർഫെഡിൽ 2012-13 ന് ശേഷം ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല. ഈ സർക്കാർ അധികാരമേറ്റശേഷം ആഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാമ്പത്തിക കണക്കുകളുടെ ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കൺസ്യൂമർഫെഡിൽ ലഭ്യമായിട്ടുള്ളത് ആഡിറ്റിന് വിധേയമാക്കാത്ത വരവ് ചെലവു കണക്കുകളാണ്. ആയത് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡിന്റെ ഏതെല്ലാം സംരംഭങ്ങളാണ് ലാഭം നേടിയത്; നഷ്ടത്തിൽ പ്രവർത്തിക്കുന്ന | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിന്റെ ബിവറേജസ് വിഭാഗം, നീതി മെഡിക്കൽ വിഭാഗം, നീതി ഗ്യാസ്, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് |

| വർഷം | തൻവർഷത്തെ പ്രവർത്തന നഷ്ടം | ആകെ നഷ്ടം |
|---|---|---|
| 2012-13 | 119.12 കോടി | 247.37 കോടി |
| 2013-14 | 112.88 കോടി | 360.23 കോടി |
| 2014-15 | 57.87 കോടി | 418.11 കോടി |
| 2015-16 | 29.10 കോടി | 447.21 കോടി |
| 2016-17 | തൻവർഷത്തെ പ്രവർത്തന ലാഭം 67.78 കോടി | ആകെ നഷ്ടം 382.43 കോടി |

| | | | |
|---|---|---|---|
| | സംരംഭങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ; | | ഫാർമസി, നോട്ട് ബുക്ക്, ശുശ്രൂഷ ലാബ് തുടങ്ങി. വിഭാഗങ്ങളെല്ലാം ലാഭത്തിലാണ് പ്രവർ ത്തിക്കുന്നത്. ത്രിവേണി, ഇ-ത്രിവേണി വിഭാഗം മാത്രമാണ് നഷ്ടത്തിൽ പ്രവർ ത്തിച്ചു വരുന്നത്. |
| (സി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>**<u>ഇ-ത്രിവേണികളുടെ പ്രവർത്തനം</u>**<br>ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമെ 24 എണ്ണം കൂടി പുതുതായി ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ഇവയിൽ പത്തനംതിട്ട, കോട്ടയം, വയനാട് , പാലക്കാട്, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലായി 9 എണ്ണം ആരംഭിക്കുകയും ചെയ്തു ബാക്കിയുള്ള 15 എണ്ണം ആരംഭിക്കുന്ന നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു.<br>**<u>ത്രിവേണി ഓൺലൈൻ ഓർഡറിംഗ് സിസ്റ്റം.</u>**<br>ഷോപ്പുകളിൽ നേരിട്ട് വന്ന് സാധനങ്ങൾ വാങ്ങാൻ കഴിയാത്തവർക്ക് ഓൺലൈൻ മുഖേന സാധനങ്ങൾ ഓർഡർ നൽകി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കും. ആദ്യ ഘട്ടത്തിൽ ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ല യിൽ ഈ സിസ്റ്റം നടപ്പിലാക്കുകയാണ്.<br>**<u>ഓണവിപണി</u>**<br>ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്തംബർ 3 വരെ 3500 ഓളം ഔട്ട് ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓണം വിപണിയിലൂടെ സർക്കാർ സബ്സിഡി നിരക്കിൽ 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് വിൽപ്പന നടത്തുന്നത്. ഇതിലേയ്ക്കായി 60 കോടി രൂപ സർ ക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമെ കൺസ്യൂമർ ഫെഡ് പൊതു |

| | | | |
|---|---|---|---|
| | | | വിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ ഇരുപത്തിയഞ്ച് ഇനം സാധനങ്ങൾ വിൽപ്പന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിൽ പ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>**ഓണം ബാസ്കറ്റ്**<br>ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കും. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഈ ബാസ്കറ്റിൽ ഓണത്തിന് ഉപയോഗിക്കുന്ന സാധനങ്ങൾ എല്ലാം ഉൾപ്പെടുത്തും.<br>**നീതി ശൃംഖലയുടെ വ്യാപനം**<br>കൺസ്യൂമർഫെഡിന്റെ മുൻകൈയ്യോടെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട് ഇതിന്റെ ഭാഗമായി ഒരേ ബ്രാൻഡും ലോഗായും ഉപയോഗിക്കുന്ന പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ഒരു ശൃംഖല രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത് ഇതിലൂടെ ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനും വിലനിലവാരം നിയന്ത്രിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>**മുഴുവൻ സമയ സബ്സിഡി വിതരണം**<br>സർക്കാർ സബ്സിഡിയോടെ സെപ്റ്റംബർ 1 മുതൽ മാർച്ച് 31 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവിടങ്ങളിലൂടെ 13 ഇനം നിത്യോപയോഗസാധനങ്ങൾ വിൽപ്പന നടത്തുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>നീതി കൊമേഴ്സ്യൽ ഗ്യാസ്</u>**<br>നിലവിൽ പ്രവർത്തിച്ചുവരുന്ന നീതി ഗ്യാസ് ഉപഭോക്താക്കളുടെ എണ്ണം സബ്സിഡി ഇല്ലാത്തതിനാൽ കുറഞ്ഞു വരികയാണ്. ഇക്കാരണത്താൽ വിതരണത്തിന് വേണ്ടി വരുന്ന ചെലവ് വർദ്ധിക്കുന്നു. ടി സാഹചര്യത്തിൽ ഡൊമസ്റ്റിക് ഗ്യാസ് വിതരണം കൊമേഴ്സ്യൽ ആക്കി മാറ്റുന്നതിനുള്ള നടപടി നടന്നു വരുന്നു. പാലക്കാട് ഫാക്ടറിയിൽ നിന്നുള്ള ഗ്യാസ് പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>മേൽ പരാമർശിച്ച പ്രവർത്തനങ്ങൾക്ക് പുറമെ കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുകയും ചെലവുകൾ ചുരുക്കുകയും കേന്ദ്രീകൃത പർച്ചേസും ഇ-ടെൻഡറും നടപ്പിലാക്കുന്നതു വഴിയും ഫെഡറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | പുതിയതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; പുതിയ സംരംഭങ്ങൾ ആരംഭിച്ചതിൽ എത്ര യൂണിറ്റുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കൺസ്യൂമർ ഫെഡിനെ രക്ഷിക്കുക എന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഇക്കഴിഞ്ഞ കാലയളവിൽ സ്വീകരിച്ചു വരുന്നത്. ഇക്കാലയളവിൽ പുതിയ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി പുതുതായി രണ്ട് മെഡിക്കൽ വെയർ ഹൗസുകളും 9 ഇ-ത്രിവേണി സ്റ്റോറുകളുമാണ് ആരംഭിച്ചിട്ടുള്ളത്. ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ട് ഏതാനും ആഴ്ചകൾ ആയിട്ടേയുള്ളൂ. ആയതിനാൽ ലാഭ/നഷ്ട കണക്കുകൾ തിട്ടപ്പെടുത്താനായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**